# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **5026**. **28-10-2016 ൽ മറുപടിയ്ക്ക്**

## പാലക്കാട് ജില്ലയിൽ വരൾച്ച മൂലം ദുരിതത്തിലായ നെൽകർഷകർ

**ചോദ്യം**
ശ്രീ.പി. ഉണ്ണി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മഴയുടെ അളവ് കുറഞ്ഞ സാഹചര്യത്തിൽ പാലക്കാട് ജില്ലയിൽ നെൽ കർഷകർ ദുരിതത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സാഹചര്യം തരണം ചെയ്യുന്നതിനായി എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (ബി) | ചിറ്റൂർപ്പുഴ പദ്ധതി ഉപദേശക സമിതിയും മലമ്പുഴ പദ്ധതി ഉപദേശക സമിതിയും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ യോഗം ചേർന്നു. രണ്ടാം വിളയ്ക്ക് മൂപ്പുകുറഞ്ഞ വിത്ത് ഉപയോഗിക്കുവാനും വാലറ്റ പ്രദേശങ്ങളിൽ നെല്ലിനു പകരം പയറു കൃഷി ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>രണ്ടാം വിള നെൽകൃഷി ഇറക്കുന്നതിനു മുൻപ് കാർഷിക വികസന സമിതി, പാടശേഖര സമിതി യോഗം കൂടി കർഷകരുടെ അഭിപ്രായം ക്രോഡീകരിച്ച് വിള ഇറക്കേണ്ട സമയവും ജല സംഭരണികളിലെ വെള്ളത്തിന്റെ ലഭ്യതയും, ആവശ്യകതയും കൃഷി ഓഫീസർമാർ വിലയിരുത്തുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളെ ഉപയോഗിച്ച് ജലസ്രോതസ്സുകൾ വൃത്തിയാക്കി കൃഷിക്ക് ഉപയുക്തമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ